കൊയിലാണ്ടി-താമരശ്ശേരി മുക്കം അരീക്കോട് ഇടവണ്ണ റോഡ് പുനർനിർമ്മാണ പദ്ധതി നടപ്പാക്കുന്നതിന് 16-2-2021-ൽ കരാർ നൽകിയിട്ടുണ്ട്. സൈറ്റ് എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ, സർവ്വേ ജോലികൾ, ഘടന രൂപകൽപ്പന, മിക്സ് ഡിസൈനുകൾ എന്നിവ പുരോഗമിക്കുന്നു.

(ബി) കക്കയം ഡാം സൈറ്റിലേയ്ക്ക് എത്തിച്ചേരാനുള്ള ഏകരൂൽ- കക്കയം ഡാം സൈറ്റ് റോഡ് നവീകരിക്കുന്നതിന് റീ ബിൽഡ് കേരള പദ്ധതിയിൽ അനുമതി നൽകിയിട്ടുണ്ടോ; അനുമതിക്കായി സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ എന്നും അറിയിക്കാമോ?

2021 മേയ് 17-ന് ചേർന്ന ആർ.കെ.ഐ-യുടെ ഉന്നതാധികാര സമിതി (എച്ച്.എൽ.ഇ.സി.) യോഗം കക്കയം ഡാം സൈറ്റിലേയ്ക്ക് എത്തിച്ചേരാനുള്ള ഏകരൂൽ-കക്കയം ഡാം സൈറ്റ് റോഡ് നവീകരണത്തിനുള്ള പദ്ധതി രൂപരേഖ പരിഗണിക്കുകയും റീ ബിൽഡ് കേരള പദ്ധതിയുടെ കീഴിൽ പ്രസ്തുത പദ്ധതി ഏറ്റെടുക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തു.

(സി) 2016-ലും 2017-ലുമുണ്ടായ പ്രളയത്തിൽ തകർന്ന ഇ.കെ.ഡി. റോഡ് നവീകരിക്കുന്നതിന് റീ ബിൽഡ് കേരള പദ്ധതിയിൽ അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

പുതിയ വികസന വകുപ്പ് യാഥാർത്ഥ്യമാക്കൽ

19 (3045) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളുടെ ഏകോപനമില്ലായ്മയും ജീവനക്കാർക്കിടയിലെ ശ്രുഷ്ഠാന്തിക്കുറവും വിവിധ പദ്ധതികളുടെ നടത്തിപ്പിന് നേരിടേണ്ടിവന്ന പ്രതിബന്ധങ്ങളായിരുന്നു എന്നത് ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റോഡുവികസനം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പിലുണ്ടാകുന്ന കാലവിളംബം ഒഴിവാക്കാനായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പുതിയ വികസന വകുപ്പ് യാഥാർത്ഥ്യമാക്കാനും ബൃഹദ് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിനുമായി സ്വീകരിക്കുന്ന തുടർനടപടികളും പ്രവർത്തനങ്ങളും എന്താണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) പദ്ധതികളുടെ പുരോഗതി ചുമതല ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിലുള്ള സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റാണ് നിർവ്വഹിച്ചുപോന്നിരുന്നത്. എന്നാൽ പശ്ചാത്തല സൗകര്യ വികസന രംഗത്ത് കുതിച്ചുചാട്ടം നടത്തിക്കൊണ്ടിരിക്കുന്ന വേളയിൽ ബൃഹദ് പദ്ധതികളുടെ അടക്കം പുരോഗതി അവലോകനം ചെയ്ത് തൽസമയം വകുപ്പുമന്ത്രിമാരേയും മുഖ്യമന്ത്രിയേയും അറിയിക്കുന്നതിന് സഹായകരമായ സംവിധാനം ആവശ്യമാണ്. ഇതിനായാണ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്യൂവേഷൻ ആൻഡ് മോണിറ്ററിംഗ് വകുപ്പ് രൂപീകരിച്ചത്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു സെക്രട്ടറിതല ഉദ്യോഗസ്ഥന്റെ കീഴിലാണ് വകുപ്പ് രൂപീകരിച്ചിട്ടുള്ളത്. പദ്ധതികളെപ്പറ്റി വിവരം ശേഖരിക്കുന്നതിനും പദ്ധതികളുടെ ഗുണഫലങ്ങളും പ്രത്യാഘാതങ്ങളും വിശകലനം ചെയ്ത് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയാണ് വകുപ്പിന്റെ ചുമതല.

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ

20 (3046) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ എത്ര ഗവേഷണ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ ചുവടെ ചേർക്കുന്ന 8 ഗവേഷണ വികസന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

I. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

II. കേരള വന ഗവേഷണ സ്ഥാപനം

III. ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം

IV. ജലവിഭവ വികസന വിനിയോഗ കേന്ദ്രം

V. മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസസ്

VI. കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

VII. ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ്

VIII. കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രം

LIBRARY ARCHIVES Kerala Legislative Assembly